HON'BLE MR. N. KUNJURAMAN: (*a*) Kunnu 191
Vaili 259
Thekkaduvasseri 173
Vadakkaduvasseri 137

(*b*) 1.
(*c*) 612.
(*d*) 302.
(*e*) Yes.
(*f*) Arrangements are being made expeditiously to provide additional accommodation for the school.

MR. PAUL THALIAT : സ്കൂൾ പരിധിക്കുള്ളിൽ പരിധി കുട്ടികൾക്ക് പഠിക്കാവുന്നതിലധികം കുട്ടികൾ സ്കൂൾ പരിധിക്കുള്ളിൽ പരിധി കുട്ടികളെ എങ്ങനെയാണ് പഠിപ്പിക്കുന്നതെന്ന് ഗവണ്മെന്റിന് പറയാമോ ?

HON'BLE MR. N. KUNJURAMAN : കൂടുതൽ സൗകര്യം നൽകുന്നതിനുവേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

MR. PAUL THALIAT : എത്രയും വേഗത്തിൽ അതു ചെയ്യാൻ ഗവണ്മെന്റിന് ഒരുമുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN : അതേക്കുറിച്ചാലോചിക്കാം.

MR. ABDUL AZIZ : അവിടെ ഷിഫ്റ്റ് സിസ്റ്റം അല്ലേ ?

HON'BLE MR. N. KUNJURAMAN : അതിനു നോട്ടീസുവേണം.

Relation between Education Department and the Travancore University.

* 120. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Honourable Minister for Education be pleased to state:

(*a*) is there any constitutional relation between the Department of Education (Public Instruction) and the Travancore University;

(*b*) if so, what is its nature; and

(*c*) is there any provision for the co-ordination of the working of the Education Department and the Travancore University?

HON'BLE MR. N. KUNJURAMAN: (*a*) No.

(*b*) Does not arise in view of the answer to part (*a*).

(*c*) No.

* 121. MR. K. SARANGADHARAN (*Ambalapuzha II—General*) :

(എ) ആലപ്പുഴ പബ്ലിക്ക് സ്പെഷ്യൽ ഓഫീസർ കുഞ്ഞുണ്ണിപ്പിള്ളയെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

(ബി) അതിന്മേൽ ഗവണ്മെന്റ് എന്തു നടപടി നടത്തി ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. V. O. MARKOS : മി. കുഞ്ഞുണ്ണിപ്പിള്ളയെ സംബന്ധിച്ച് ഡിസംബർ വ്യ-ാംനു- മന്ത്രിയുടെ അടുക്കൽ ഒരു പരാതിലഭിച്ചിട്ടുണ്ട്. അതേ സംബന്ധിച്ച വേണ്ട അന്വേഷണം നടത്തുന്നതാണ്.

MR K. SARANGADHARAN : അദ്ദേഹം ഇതിനു മുൻപ് എത്ര പ്രാവശ്യം ഗവണ്മെൻറു സർവ്വീസിൽനിന്നും പിരിഞ്ഞുപോയിട്ടുണ്ട് ?

HON'BLE MR. V. O. MARKOS : അങ്ങനെ പിരിഞ്ഞുപോയിട്ടുള്ളതായി അറിയാൻ പാടില്ല.

MR. K. A. MATHEW : ൬൫ വയസ്സ് തികഞ്ഞ ഉദ്യോഗസ്ഥന്മാരെ പെൻഷൻ കൊടുത്തു പിരിച്ചുവിട്ടപ്പോൾ ഇദ്ദേഹത്തെയും വിട്ടില്ലേ ?

HON'BLE MR. V. O. MARKOS : ഇദ്ദേഹത്തിന് ഈ ജോലി സംബന്ധിച്ചു കൂടുതൽ പരിചയമുണ്ടെന്ന പരിഗണന വച്ചുകൊണ്ട് അദ്ദേഹം ഇപ്പോൾ ജോലിയിൽ തുടർന്നുകൊണ്ടിരിക്കുകയാണ്.

MR. K SARANGADHARAN : പുഞ്ചക്കൃഷിക്കാരുടെ നിവേദനഫലമായിട്ടാണോ അദ്ദേഹത്തെ വീണ്ടും ജോലിയിൽ നിയമിച്ചത് ?

HON'BLE MR. V. O. MARKOS : അതേക്കുറിച്ചു ശരിയായി അറിയാൻ പാടില്ല. അദ്ദേഹത്തിന്റെ പ്രവർത്തനം തരക്കേടില്ലെന്നാണ് എന്റെ അനുഭവത്തിൽനിന്നുമുള്ള അറിവു.

MR. PANDAVATHU SANKARA PILLAI (*Karthikapalli III—General*) : ക്യാബിനറു നിശ്ചയപ്രകാരമാണോ അദ്ദേഹത്തിന്റെ സർവ്വീസു നീട്ടിക്കൊടുത്തത് ?

HON'BLE MR. V. O. MARKOS : എനിക്ക് അതു നിശ്ചയമില്ല. അങ്ങനെ ഇരിക്കാനാണ് എളുപ്പം.

MR. JOSEPH MALIECKAL (*Thodupuzhal—General*) : ഇദ്ദേഹത്തിനു പകരം വേറെ ആളെ ഈ ജോലി പരിശീലിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : വേണമെന്നു ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല.

MR. A. P. UDAYABHANU (*Karunagapally II—General*) : മി. വി. ഓ. മക്കോസിന്റെ നേതൃത്വത്തിലുള്ള ഒരു ഡെപ്യൂട്ടേഷൻ ആണ് ഇദ്ദേഹത്തിന്റെ നിയമനം ആവശ്യപ്പെട്ടതെന്നറിയാമോ ?

HON'BLE MR. V. O. MARKOS : അങ്ങനെ ഒരു ഡെപ്യൂട്ടേഷൻ അദ്ദേഹത്തിന്റെ നിയമനം ആവശ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. GANGADHARA MENON (*Nedumangad I—General*) : ഫാർമലായിട്ട വളരെപ്പേർ ചേന്ന് ഒരു റിപ്രസന്റേഷൻ ഇട്ടേഹത്തിന്റെ നിയമനം ആവശ്യപ്പെട്ടുകൊണ്ട നടത്തിയിട്ടില്ലേ ?

HON'BLE MR. V. O. MARKOS : ഉണ്ട്, ഈ ജോലിയിൽ വേണ്ട പരിചയമുള്ളയാളാണ് അട്ടേഹമെന്ന ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു.

MR. K. SARANGADHARAN : ഇട്ടേഹത്തിന്റെ ഉത്സാഹത്തിലാണ ഈ ഡെപ്യൂട്ടേഷൻ വന്നതെന്ന ഗവണ്മെൻറിനറിയാമോ ?

HON'BLE MR. V. O. MARKOS : അതു ഗവണ്മെൻറിന മനസ്സിലായിട്ടില്ല.

MR. PANDAVATHU SANKARA PILLAI : അട്ടേഹം എത്രാമത്തെ വയസ്സിൽ സർവ്വീസിൽനിന്ന പിരിയുമെന്ന പറയാമോ ?

HON'BLE MR. V. O. MARKOS : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. S. MUHAMMED : 60 വയസ്സ് തികഞ്ഞ ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷൻമൂലം വീണ്ടും നിയമിക്കുന്ന ഒരു നയം ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : അങ്ങനെ പൊതുവായ ഒരുനയമില്ല.

MISS ACCAMMA CHERIYAN (*Changanachery I—General*) : ഈ ഉദ്യോഗസ്ഥൻ അഴിമതിക്കാരനാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : ഇപ്പോൾ ഒരു പരാതി കിട്ടിയിട്ടുണ്ട്.

കുട്ടനാട്ടിൽ ഒരു മൃഗാശുപത്രി.

*122. MR. K. SARANGADHARAN : താഴെപറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

കുട്ടനാട്ടിൽ ഒരു മൃഗാശുപത്രി ഇല്ലാത്തതുകൊണ്ടു മൃഗങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ കർഷകർ ബുദ്ധിമുട്ടുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിന ബോദ്ധ്യമായിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : The matter is under consideration.

ക്ഷേമാണങ്ങളുടെ രജിസ്ട്രേഷൻ.

*123. MR. P. NANOO (*Chirayinkil II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട രജിസ്ട്രേഷൻവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly